**കേരള സർക്കാർ**

സംഗ്രഹം

ജനകീയാസൂത്രണം - തദ്ദേശഭരണ സ്ഥാപനങ്ങളുടെ അക്ഷയ ഊർജോൽപാദന/സോളാർ എനർജി പ്രോജക്ടുകൾ - വെറ്റിംഗ് - സാങ്കേതികാനുമതി നൽകുന്നതിന് - കമ്മിറ്റി രൂപീകരിച്ച് ചുമതലകളും പ്രവർത്തനവും നിർണ്ണയിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യൂ) വകുപ്പ്**

സ.ഉ.(സാധാ) നം.348 /2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 06.02.2018

---

പരാമർശം:- 1. സ.ഉ(എം.എസ്) നം.80/2017/തസ്വഭവ തീയതി 03.04.2017

2 സർക്കാർ സർക്കുലർ നം.ഡി.എ 1/244/2017/തസ്വഭവ തീയതി 02.06.2017

3 അധികാര വികേന്ദ്രീകരണ കോഓർഡിനേഷൻ കമ്മിറ്റിയുടെ 13.09.2017 ലെ 411-ാം നമ്പർ തീരുമാനം.

**<u>ഉത്തരവ്</u>**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2017-18 വാർഷിക പദ്ധതിയിലൂടെ അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ വിതരണം പ്രതിഷ്ഠാപനം എന്നിവയ്ക്കുള്ള സബ്സിഡി സംബന്ധിച്ച് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2. പരാമർശം(2)ലെ സർക്കുലർ പ്രകാരം അക്ഷയ ഊർജ്ജ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സഹായകരമായ വിശദ വിവരങ്ങൾ ലഭ്യമാക്കിയിരുന്നു. കൂടുതൽ സാങ്കേതികമായ വിവരങ്ങൾ ആവശ്യമുണ്ടെങ്കിൽ അനർട്ട് ജില്ലാ ഓഫീസുകളിൽ നിന്നും ലഭ്യമാക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. അപ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്ട് തയ്യാറാക്കാവുന്നതാണ്.

3. സോളാർ എനർജി പ്രോജക്ടുകൾ പരിശോധിച്ച് സാങ്കേതികാനുമതി നൽകുന്നതിനായി ചുവടെ പറയുന്ന ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന ഒരു കമ്മിറ്റി രൂപീകരിക്കുന്നതിന് പരാമർശം മൂന്ന് പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

1) എക്സിക്യൂട്ടീവ് എഞ്ചിനീയർ തദ്ദേശസ്വയം ഭരണ വകുപ്പ് - കൺവീനർ
2) ജില്ലാ എഞ്ചിനീയർ, അനെർട്ട് - അംഗം
3) എക്സിക്യൂട്ടീവ് എഞ്ചിനീയർ കെ.എസ്.ഇ.ബി - അംഗം
4) ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് - അംഗം

4. മേൽ സാഹചര്യത്തിൽ ഓരോ ജില്ലയിലും ജില്ലാ പ്ലാനിംഗ് ഓഫീസർമാർ മേൽ തീരുമാനപ്രകാരമുള്ള ഉദ്യോഗസ്ഥന്മാരെ കണ്ടെത്തി ജില്ലാ കളക്ടറുടെ നടപടിക്രമമായി ഉത്തരവ് പുറപ്പെടുവിക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

ഈ കമ്മിറ്റിയുടെ ചുമതലകളും പ്രവർത്തനവും ചുവടെ പറയുന്ന തരത്തിലായിരിക്കും.

1) തദ്ദേശഭരണ സ്ഥാപനം സെക്രട്ടറി കൺവീനർമാർക്ക് അയച്ചുകൊടുക്കേണ്ടതും, കൺവീനർ കമ്മിറ്റി വിളിച്ച് കൂട്ടി പ്രോജക്ട് പരിശോധിച്ച് 7 പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ സാങ്കേതികാനുമതി നൽകേണ്ടതാണ്.
2) പരിശോധനാ സമയത്ത് കണ്ടെത്തുന്ന ന്യൂനതകൾ നിർവ്വഹണ ഉദ്യോഗസ്ഥനുമായി ബന്ധപ്പെട്ട് അനർട്ട് പ്രോജക്ട് മാനേജർ പരിഹരിക്കേണ്ടതാണ്.
3) യോഗത്തിൽ കൺവീനറും അനെർട്ട് ജില്ലാ എഞ്ചിനീയറും ഉൾപ്പെടെ മൂന്നുപേരുടെ ക്വാറം നിർബന്ധമായിരിക്കും.

4) യോഗ മിനിട്സ് കൺവീനർക്ക് വേണ്ടി അനെർട്ട്, ജില്ലാ എഞ്ചിനീയർ തയ്യാറാക്കേണ്ടതാണ്.

5) യോഗ മിനിട്സിന്റെ പകർപ്പ് സഹിതം കൺവീനർ പ്രോജക്ട് തദ്ദേശഭരണ സ്ഥാപന സെക്രട്ടറിക്ക് അയച്ചുകൊടുക്കേണ്ടതാണ്.

5. പ്രോജക്ട് നിർവഹണം പൂർത്തിയായാൽ അനെർട്ട് ജില്ലാ എഞ്ചിനീയർ പ്രതിഷ്ഠാപനങ്ങളുടെയും അനുബന്ധ ഉപകരണങ്ങളുടേയും ഗുണമേന്മയും സ്പെസിഫിക്കേഷനും പരിശോധിച്ച് പ്രവർത്തന സജ്ജമാണെന്ന് ഉറപ്പാക്കി നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപന നിർവ്വഹണ ഉദ്യോഗസ്ഥൻ ഫൈനൽ ബിൽ നൽകേണ്ടതുമാണെന്ന് ഉത്തരവാകുന്നു.

6. ഇത് സംബന്ധിച്ച് സുലേഖ സോഫ്റ്റ് വെയറിൽ ആവശ്യമായ ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീകല. സി. എസ്**
**ഡെപ്യൂട്ടി സെക്രട്ടറി**

1 സെക്രട്ടറി, ഊർജ്ജ വകുപ്പ്
2 പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3 ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
4 നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
5 പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ഓഡിറ്റ് )/ എ .ജി ( എ &ഇ ) കേരളം , തിരുവനന്തപുരം
6 ചീഫ് എൻജിനീയർ തദ്ദേശസ്വയംഭരണ വകുപ്പ്
7 ഡയറക്ടർ , അനർട്ട് , തിരുവനന്തപുരം
8 ചീഫ് ഇലെക്ട്രിക്കൽ ഇൻസ് പെക്ടർ , തിരുവനന്തപുരം
9 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
10 എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും, സെക്രട്ടറിമാർക്കും (*പഞ്ചായത്ത് ഡയറക്ടർ മുഖേന*)
11 എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും, സെക്രട്ടറിമാർക്കും (*ഗ്രാമവികസന കമ്മീഷണർ മുഖേന*)
12 എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും, സെക്രട്ടറിമാർക്കും (*പഞ്ചായത്ത് ഡയറക്ടർ മുഖേന*)
13 എല്ലാ കോർപ്പറേഷൻ മേയർമാർക്കും, സെക്രട്ടറിമാർക്കും (*നഗരകാര്യ ഡയറക്ടർ മുഖേന*)
14 എല്ലാ മുനിസിപ്പാലിറ്റി ചെയർപേഴ്സൺമാർക്കും/സെക്രട്ടറിമാർക്കും (*നഗരകാര്യ ഡയറക്ടർ മുഖേന*)
15 സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ. തിരുവനന്തപുരം
16 ചീഫ് എഞ്ചിനീയർ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, തിരുവനന്തപുരം
17 എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
18 തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്
19 ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ